IVO-5/54/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

റയിസ്.കെ.പി
കെ.പി.ഹൗസ് , ഇടപഴശി
കാഞ്ഞിലേരി-670702

സർ,

വിഷയം - മാലൂർ പഞ്ചായത്ത് - കെട്ടിട നമ്പർ അനുവദിക്കാത്തത് - സംബന്ധിച്ച്.
സൂചന: സ്ഥിരം അദാലത്തിൽ താങ്കൾ സമർപ്പിച്ച അപേക്ഷ.

..................................

ശിവപുരം വില്ലേജിൽ സർവ്വെ നമ്പർ 3/168 ൽ പ്പെട്ട 0.0152 ഹെക്ടർ സ്ഥലത്ത് താങ്കൾ നിർമ്മിച്ച 114 m² കെട്ടിടത്തിന് നമ്പർ ലഭിച്ചില്ല എന്നതാണ് പരാതി. സ്ഥിരം സമിതി അംഗങ്ങൾ, മാലൂർ പഞ്ചായത്ത് ക്ലാർക്ക് എന്നിവർ താങ്കളുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തി.

KPBR 2019 ചട്ടം 50 ചെറുപ്ലോട്ടുകളിലെ നിർമ്മാണം ചട്ടം 26 Table A4 എന്നിവ പ്രകാരം 7 മീറ്ററിൽ കുറവ് ഉയരവും 200 ച.മി വരെ തറവിസ്തീർണ്ണമുള്ളതുമായ വാസഗൃഹങ്ങൾക്ക് മുൻവശം 1.80 മീറ്റർ പിറക് 1 മീറ്റർ വശം 0.60 സെന്റി മീറ്റർ എന്നിവയാകുന്നു യാർഡ് അളവുകൾ.

ചട്ടം 26ൽ പരാമർശിക്കുന്നത് - Group A1-A2 and F Occupancy buildings (with height up to 7 Meter above ground level) any one side yard and / or rear yard can abut the building other than that of a street with the written consent of adjoining land owner. if one land owner voluntarily agrees to abut the building in the neighbouring plot to his plot boundary then the land owner may also have the right to abut his building to the same plot boundary without a written consent എന്നാണ്.

നിലവിൽ ഒരു വശത്ത് consent ഹാജരാക്കിയിട്ടുണ്ട്. നിലവിൽ പഴയ കെട്ടിടം സ്ഥിതി ചെയ്യുന്ന വശം പ്ലാനിൽ rear side ആയി രേഖപ്പെടുത്തുകയും ആയതിന്റെ consent ഉം, കെട്ടിടത്തിന്റെ കിഴക്ക് ഭാഗത്തുള്ള side ന്റെ അതിരിലെ പ്ലോട്ടിന്റെ ഉടമയിൽ നിന്നും വാങ്ങിയ consent ഉം ചേർത്ത് പുതുക്കിയ പ്ലാൻ പഞ്ചായത്തിൽ ഹാജരാക്കാവുന്നതാണ്. KPBR 2019 ചട്ടം 2 ൽ (1) (CY) definition പ്രകാരം any side yard can be interchanged with rear yard ആയതിനാൽ ചെറുപ്ലോട്ടുകളിലെ KPBR 2019 വ്യവസ്ഥകൾക്ക് വിധേയമായി സെക്രട്ടറിക്ക് കെട്ടിട നമ്പർ അനുവദിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
07/02/2024

നേരിട്ട് കൈപ്പറ്റി

റയിസ് - KP
23/2/2024